(ടി) മാർച്ച് 1969-ൽ ഓഴിവു പെറ്റ 15 വരുടങ്ങൾ മുടിന്ത വിരിവുരൈയാളർകളതു 1-7-1968 മുതൽ സമ്പളക് കമിഷൻപടി ഉത്തരവാന പതവി ഉയർവുകൾ ഇന്നുമ് കൊടുക്കപ്പടാമൽ ഇരുപ്പതേൻ;

(ഇ) എക്സമ്ഷൻ വാങ്കി വിരിവുരൈയാളർകളാക ഇരുക്കുമ് 15 വരുട സർവീസ് ഉൾളവർകളതു വിഷയമുമ് ഇതുവരൈ മുടിവു ചെയ്യപ്പടാമൽ ഇരുപ്പതു ഏൻ എൻറു കൂറപ്പടുമാ?

ഉത്തരം

(എ) ഇല്ല.

(ബി) അതേ.

(സി) ഇല്ല.

(ഡി) ഇക്കൂട്ടരിൽ ഉദ്യോഗക്കയററത്തിനു് അർഹരായവരുടെ കാര്യം പരിഗണിക്കുന്നതാണു്.

(ഇ) ഇവരിൽ പലർക്കും ഉദ്യോഗക്കയററം നൽകിയിട്ടുണ്ടു്. ഇനിയും ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ കാര്യത്തിൽ വേണ്ട തീരുമാനം എടുക്കുന്നതാണു്.

STARRED QUESTIONS POSTED FOR ANSWER ON 23-3-1970

റേഷൻ വിതരണം

*106. (828) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്),
,, എസു്. ദാമോദരൻ,
,, വി. ശ്രീധരൻ,
,, പി. ഗംഗാധരൻ,
,, പി. കുഞ്ഞൻ,
,, ടി. കെ. രാമകൃഷ്ണൻ,
,, എ. വി. കുഞ്ഞാമ്പു,
,, ടി. കെ. കൃഷ്ണൻ,
,, വി. വി. കുഞ്ഞാമ്പു,
,, എ. എസു്. പുരുഷോത്തമൻ,
,, സി. വാസുദേവമേനോൻ,
,, കെ. ചാത്തുണ്ണിമാസ്ററർ,
,, സി. ബി. ചന്ദ്രശേഖരവാര്യർ: താഴെക്കാണുന്ന പോദ്യങ്ങൾക്കു റവന്യുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ ഗുരുതരമായ അഴിമതി കൾ നടക്കുന്നതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടിക്കാനം ഫുഡ്കോർപ്പറേഷൻ ഡിപ്പോയിൽ കപ്പിൻറലിനു രണ്ടു കിലോ റവ വീതം റേഷൻകടക്കാരിൽനിന്നു് അപഹരിക്കുന്നു എന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പീരുമേടു താലൂക്കിലെ റേഷൻ ഷാപ്പുകളിൽ നിന്നും സാധനങ്ങളും വാങ്ങുന്ന തോട്ടംതൊഴിലാളികൾക്ക് നിശ്ചിത തൂക്കം ധാന്യങ്ങളും റവയും നൽകുന്നില്ല എന്നുള്ള പരാതി കണക്കിലെടുത്തുകൊണ്ട് ഒരന്വേഷണം നടത്തുന്നതിനു തയ്യാറാകുമോ?

ഉത്തരം

(എ) റേഷൻവിതരണത്തിൽ, ചിലസ്ഥലങ്ങളിൽ മൊത്തക്കച്ചവടക്കാരും ചില്ലറച്ചക്കവടക്കാരും അഴിമതികൾ നടത്തുന്നതായി പരാതികൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. ആ പരാതികൾ അപ്പോഴപ്പോൾ അതാതു ജില്ലാ കളക്ടർമാർക്ക് നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പരാതി കിട്ടിയിട്ടുണ്ടോ എന്ന് അന്വേഷിച്ചിരിക്കുകയാണ്. വിവരം കിട്ടിയിട്ടില്ല.

(സി) ഇത്തരത്തിലുള്ള പരാതി കിട്ടിയിട്ടുണ്ടോ എന്ന് അന്വേഷിച്ചിരിക്കുകയാണ്. വിവരം കിട്ടിയതിനുശേഷം വേണ്ട നടപടി എടുക്കുന്നതാണ്.

ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനുള്ള നടപടി

* 107. (840) ശ്രീ. കെ. കെ. അബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ബോധനഭാഷയും ഔദ്യോഗികഭാഷയും കോടതിഭാഷയും മലയാളം ആക്കുന്നതിന് ഈ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) (1) ബോധനഭാഷ

സ്കൂൾ ക്ലാസുകളിൽ ബോധനഭാഷ പ്രാദേശിക ഭാഷയാണ്. യൂണിവേഴ്സിറ്റി നിലവാരത്തിലും ബോധനഭാഷ പ്രാദേശികഭാഷയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ മാറ്റം എന്നു മുതൽ വരുത്തണമെന്ന് വ്യക്തമായി തീരുമാനിച്ചിട്ടില്ല. സംസ്ഥാനഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആവിഷ്ക്കരിച്ചതും ഇൻഡ്യാഗവൺമെൻറ് അംഗീകരിച്ചതുമായ ഒരു പദ്ധതിയുടെ ഭാഗമായി 740 പുസ്തകങ്ങൾ മലയാളത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. 5 ഗ്ലോസറികളും ഏഴ് പുസ്തകങ്ങളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആറാമത്തെ ഗ്ലോസറിയും 20 പുസ്തകങ്ങളും അച്ചടിക്കുവാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(2) ഔദ്യോഗികഭാഷ

മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്ക് മുഖ്യമന്ത്രി ചെയർമാനായി അടുത്തകാലത്ത് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. മലയാളം ടൈപ്പ്റൈറ്റർ കീബോർഡ്

LIBRARY ARCHIVES Kerala Legislative Assembly